**SET – 4**

**Series : TYM/C**

**Code No. 12**

**റോൾ നമ്പർ**
**Roll No.**

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |

പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സിന്റെ ആദ്യ പുറത്തിൽ കോഡ് എഴുതിയിരിക്കണം.
Candidates must write the Code on the title page of the answer-book.

- ചോദ്യക്കടലാസ്സിൽ **7** അച്ചടിച്ച പുറങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
- ചോദ്യക്കടലാസ്സിന്റെ വലതു ഭാഗത്തു കൊടുത്തിരിക്കുന്ന കോഡ് നമ്പർ ഉത്തരക്കടലാസ്സിന്റെ ആദ്യപുറത്തിൽ എഴുതിയിരിക്കണം.
- ചോദ്യക്കടലാസ്സിൽ **7** ചോദ്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തുക.
- **ചോദ്യങ്ങളുടെ ക്രമനമ്പർ കൃത്യമായി ഇട്ടതിനുശേഷം ഉത്തരം എഴുതുക.**
- ചോദ്യങ്ങൾ വായിക്കാൻ 15 മിനിറ്റ് സമയം തരുന്നതായിരിക്കും. ചോദ്യക്കടലാസ് 10.15 a.m. മുതൽ 10.30 a.m. വരെ വിതരണം ചെയ്യപ്പെടും. ഈ സമയത്ത് ചോദ്യങ്ങൾ വായിക്കുകയല്ലാതെ ഉത്തരം എഴുതാൻ പാടുള്ളതല്ല.
- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **7** questions.
- **Please write down the Serial Number of the question before attempting it.**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : **80***

*Time allowed : 3 hours* — *Maximum Marks : **80***

The Question Paper is divided into four sections :

| | |
|---|---|
| Section A : Reading Comprehension | **10** marks |
| Section B : Writing | **16** marks |
| Section C : Grammar | **17** marks |
| Section D : Literature | **37** marks |

## എ – വിഭാഗം

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ ചേർത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

മലയാളികൾക്ക് ഭാഷാഭിമാനം വളരെക്കുറവാണെന്ന് ഒരു ആരോപണം നിലവിലുണ്ട്. സ്വന്തം ഭാഷയെപ്പറ്റി മതിപ്പില്ല, ഇംഗ്ലീഷിനോടുള്ള അമിത ആദരം തുടങ്ങി പല തെളിവുകളും ഇതിനായി നിരത്താം. ഇതിൽ കുറച്ച് സത്യവുമുണ്ട്. ബ്രിട്ടീഷുകാർ സ്വന്തം നാടിനെ ഗ്രേറ്റ് ബ്രിട്ടൺ എന്ന് അഭിമാനത്തോടെ പറയുമ്പോൾ നാം വിനയത്തോടെ "കൊച്ചു മലയാളമെന്നൊരു നാടുണ്ട്" എന്നാണ് വിശേഷിപ്പിക്കുന്നത്. സംസാരിക്കുന്നവരുടെ എണ്ണം വെച്ചുനോക്കിയാൽ നമ്മൾ മലയാളികൾ വളരെ മുന്നിലാണ്. ലോകത്താകെ മൂവായിരത്തിനും എണ്ണായിരത്തിനുമിടയിൽ ഭാഷ-കളുണ്ടെന്നാണ് വ്യത്യസ്ത കണക്കുകൾ കാണിക്കുന്നത്. എസ്.ഐ.എൽ. ഇന്റർനാഷ-ണലിന്റെ എത്നോലോഗ് എന്നറിയപ്പെടുന്ന ഭാഷാസ്ഥിതി വിവരകണക്കുപ്രകാരം ലോകത്ത് 7358 ഭാഷകളുണ്ടത്രേ. ഇതിൽ 6900 എണ്ണം ജിവൽ ഭാഷകളാണ് 121 ഭാഷാകുടുംബങ്ങൾ അവയിലൊന്നായ ദ്രാവിഡ ഗോത്രത്തിലെ ഒരു ഇടത്തരം ഭാഷമാത്രമാണ് മലയാളം. ജീവൽ ഭാഷകളിൽ തന്നെ ഏതാണ്ട് അമ്പത്തിരണ്ടു ശതമാനത്തിനും പതിനായിരത്തിൽ താഴെ മാത്രമേ ആൾക്കാരുള്ളു. ഇരുപത്തിയെട്ട് ശതമാനം ഭാഷകൾക്ക് വെറും ആയിരത്തിൽ താഴെ ഭാഷകരേയുള്ളു. ആഗോളീകരണത്തിന്റെ വർത്തമാന കാലത്ത് പല ഭാഷകളും മരിച്ചു പോകാൻ ഒരുങ്ങുകയാണ്. എന്നാൽ ഇപ്പോൾ വളരെ ഭദ്രമായ സ്ഥിതിയിലാണ് മലയാളം. ഭാഷകരുടെ എണ്ണം നോക്കിയാൽ ഇരുപത്തഞ്ചിനും മുപ്പതിനും ഇടയ്ക്കാണ് നമ്മുടെ സ്ഥാനം. പുതിയ കാലത്തിനനുസരിച്ച് ഭാഷയെ സജ്ജീകരിച്ചില്ലെങ്കിൽ ഈ പദവി നമുക്ക് നഷ്ടമാകും.

**ചോദ്യങ്ങൾ :**

(1) മലയാളികൾക്ക് ഭാഷാഭിമാനം കുറവാണെന്ന് പറയാൻ കാരണമെന്ത്? 2

(2) ബ്രിട്ടീഷുകാരും കേരളീയരും സ്വദേശത്തെ വിശേഷിപ്പിക്കുന്നത് എപ്രകാരമാണ്? 2

(3) ലോകത്താകമാനമുള്ള ഭാഷകളുടെ സ്ഥിതി വിവരക്കണക്ക് എന്താണ്? 2

(4) എന്തുകൊണ്ടാണ് ഇപ്പോൾ മലയാളം വളരെ ഭദ്രമായ സ്ഥിതിയിലാണ് എന്ന് പറയുന്നത്? 2

(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക. 2

## ബി – വിഭാഗം

2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് **രണ്ടു** പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **8**

(1) സ്ത്രീ സുരക്ഷ നഷ്ടമാകുന്ന ഭാരതം.

(2) ലോകം വീണ്ടും യുദ്ധഭീതിയിൽ.

(3) ലഹരിക്കെണിയിൽ വീണുപോകുന്ന കൗമാരം.

(b) കേരളത്തിലെ തരിശുഭൂമികൾ കൃഷിഭൂമിയാക്കി മാറ്റേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ട് കൃഷിവകുപ്പ് മന്ത്രിയ്ക്ക് കത്ത് തയ്യാറാക്കുക. **8**

## സി – വിഭാഗം

3. (a) പ്രയോഗം മാറ്റുക. **2 × 1 = 2**

(1) അർജ്ജുനൻ അവരെക്കണ്ട ഉടനെ തന്റെ അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ചു.

(2) നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവർ പറയുമായിരുന്നു.

(b) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക : **2 × 1 = 2**

(1) കോയമ്പത്തൂരിലേയ്ക്കുള്ള വണ്ടി നേരത്തെ വരുകയാൽ ബഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റു പോയി.

(2) രണ്ടു മൂന്നു മാസം കഴിഞ്ഞപ്പോൾ അവൻ അമ്മയ്ക്ക് ഭാര്യ അറിയാതെ സ്വകാര്യമായി കുറശ്ശെ പണം അയച്ചു തുടങ്ങി.

(c) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക. **2 × 1 = 2**

(1) നിർഭയം

(2) നൃത്തമാടി

(d) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. **2 × 1 = 2**

(1) ഗുരുദേവതമാർ

(2) സുന്ദരസൃഷ്ടി

(e) പര്യായ പദങ്ങൾ എഴുതുക. 2 × 1 = 2

(1) രക്തം

(2) മഞ്ഞ്

(f) നാനാർത്ഥ പദങ്ങൾ എഴുതുക. 2 × 1 = 2

(1) ആഗമം

(2) രാഗം

(g) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. 2 × 1 = 2

(1) കണ്ണിൽ വെള്ളം നിറഞ്ഞും വേദനകൊണ്ടു ഞരങ്ങിയും മിണ്ടാതായ ദുര്യോധനനോടു ക്രോധം കൊണ്ടു ജ്വലിച്ച് കത്തിക്കാളുന്ന അശ്വത്ഥാമാവ് കൈതിരുമ്മിക്കൊണ്ടും തൊണ്ടയിടറിക്കൊണ്ടും പറഞ്ഞു.

(2) ശാന്താ ആത്യയുടെയും കുമാർ മാമയുടേയും ജീവിതങ്ങൾ വഴിമുട്ടി ഗതിയില്ലാതെ നിന്നു.

4. ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം എടുത്തെഴുതുക.

(a) വിപരീതം എടുത്തെഴുതുക. 2 × ½ = 1

(1) സ്വന്തം

[പരസ്പരം, അന്യം, അനന്യം, മറ്റ്]

(2) കേവലം

[ധാരാളം, കുറച്ച്, സങ്കീർണ്ണം, അനിതരം]

(b) അർത്ഥ വ്യത്യാസം എടുത്തെഴുതുക. 2 × ½ = 1

(1) വീചി – വീഥി

[തീരം, തിര, വാണി, വഴി]

(2) ഫലം – ഫാലം

[കായ്, പണം, പ്രതിശ്രുതി, നെറ്റി]

(c) എതിർലിംഗം എഴുതുക. 2 × ½ = 1

(1) ഭഗവാൻ

[ഭാർഗ്ഗവി, ഭഗവതി, ഭാഗ്യ, ഭഗവനി]

(2) പ്രിയ

[പ്രിയത, പ്രിയതമ, പ്രിയൻ, സുപ്രിയ]

## ഡി – വിഭാഗം

5. (i) ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക. 5 × ½ = 2½

(a) "എന്റെ മാറ്റൊലിക്കവിതകൾ" എന്ന കവിതാസമാരം ആരുടേതാണ്?

[വയലാർ രാമവർമ്മ, പി. ഭാസ്ക്കരൻ, വൈലോപ്പിള്ളി ശ്രീധരമേനോൻ, ചങ്ങമ്പുഴ കൃഷ്ണപ്പിള്ള]

(b) ആരാണ് ആകാശഗോപുരങ്ങൾക്കു താഴെ നാളേയ്ക്കുവേണ്ടി ഉറങ്ങാൻ ശ്രമിക്കുന്നത്?

[അമ്മ, തെരുവീഥികൾ, രാക്കട, തെരുവുപട്ടി]

(c) അമ്മയുടെ എഴുത്തുകൾക്ക് എന്ത് ചന്തമുണ്ടെന്നാണ് കവി അവകാശപ്പെടുന്നത്?

[നേരിന്റെ, മൊഴി, താളം, തേൻ]

(d) ദോഷങ്ങളൊക്കെ എന്ത് നിമിത്തമാണ് വന്ന് ഭവിയ്ക്കുന്നത്?

[ദേഹാഭിമാനം, അല്പായുസ്സ്, രാജ്യമോഹം, അസ്ഥിരമായ ലോകജീവിതം]

(e) ഭാവശാലികൾ പിരിഞ്ഞുകൂടിയാൽ സുഖോദയം എപ്രകാരമായി ഭവിയ്ക്കും?

[സ്നേഹസാന്ദ്രമാകും, ഊഷ്മളമാകും, ഔപചാരികമാകും, വികലമാകും]

(ii) (a) വെള്ളായിയപ്പന്റെയും കണ്ടുണ്ണിയുടേയും ഗ്രാമം ഏതാണ്? 5 × ½ = 2½

[പാഴുതറ, തസ്രാക്ക്, കഞ്ചിക്കോട്, കണ്ണാറ]

(b) വ്യാസ ഭാരതത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി കുട്ടിക്കൃഷ്ണ മാരാർ രചിച്ച കൃതി

[രാജാങ്കണം, ഭാരത പര്യടനം, ഋഷിപ്രസാദം, ദന്തഗോപുരം]

(c) വീണുകിട്ടിയ രൂപ ശരൺകുമാർ ലിംബാളെ എന്ത് ചെയ്തു ?

[സിനിമ കണ്ടു, പിർജാദെയ്ക്ക് പകുതി കൊടുത്തു, ശാന്താ ആത്യയ്ക്ക് കൊടുത്തു, ഹെഡ്മാസ്റ്ററെ ഏല്പിച്ചു]

(d) മാങ്ങ പൊഴിയുന്നതിനായി കുട്ടികൾ നടത്തിയിരുന്ന മഹായജ്ഞം എന്തായിരുന്നു ?

[അണ്ണാൻ പിറന്നാൾ, കൊതിയസമാജം, തുമ്പിതുള്ളൽ, ഉണ്ണിഇടൽ]

(e) മലയാളത്തിലെ എക്കാലത്തെയും മികച്ച യാത്രാവിവരണക്കാരൻ

[കേശവദേവ്, തകഴി ശിവശങ്കരപ്പിള്ള, എസ്. കെ. പൊറ്റെക്കാട്, ഉറൂബ്]

6. (i) ഉത്തരമെഴുതുക. **3 × 4 = 12**

(1) ലക്ഷ്മണ സാന്ത്വനം എന്ന പാഠഭാഗത്തിലൂടെ വെളിവാകുന്ന എഴുത്തച്ഛന്റെ ജീവിതദർശനം വിശദീകരിക്കുക.

(2) അമ്മയുടെ എഴുത്തുകളിൽ നിന്ന് കവിയ്ക്കു പകർന്നു കിട്ടിയ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു എന്ന് പരിശോധിക്കുക.

(3) മനുഷ്യന്റെ സർഗ്ഗശേഷി വിജയം നേടിയ ചരിത്രമുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നതെങ്ങനെ ? വിശദമാക്കുക.

(ii) (1) താൻ കഥാകാരനായതെങ്ങനെയെന്നാണ് എസ്. കെ. പൊറ്റെക്കാട് വിശദീകരിക്കുന്നത്? **3 × 4 = 12**

(2) "കൊച്ചു ചക്കരിച്ചി നേരുള്ളമാവാണ് അവൾ ദോഷം വരുത്തുകയില്ല" ആരുടേതാണ് ഈ വാക്കുകൾ ? ഈ വാക്കുകൾ സത്യമായി ഭവിച്ചതെങ്ങനെ എന്ന് വിശദീകരിക്കുക.

(3) മഹാഭാരത യുദ്ധത്തിന്റെ പരിസമാപ്തി എപ്രകാരമായിരുന്നു ? വിശദീകരിക്കുക.

7. ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **2 × 4 = 8**

(1) സുബ്ബാ ജടാപാഠികളുമായുള്ള സംഗമം ചട്ടമ്പിയുടെ ജീവിതത്തിലെ പ്രധാന വഴിത്തിരിവായി മാറിയതെങ്ങനെ എന്ന് വിശദീകരിക്കുക.

(2) ചട്ടമ്പിസ്വാമികളുടെ ശിഷ്യന്മാരെയും അനുയായികളെയും കുറിച്ച് ഒരു ലഘു വിവരണം നല്കുക.

(3) ചട്ടമ്പി സ്വാമികളുടെ സന്ദേശം കേരളീയ സമൂഹത്തെ എങ്ങനെ സ്വാധീനിച്ചു എന്ന് പരിശോധിക്കുക.